**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5690** **08-07-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി താലൂക്ക് ആശുപത്രിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ബാലുശ്ശേരി താലൂക്കാശുപത്രിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | **ബാലുശ്ശേരി താലൂക്ക് ആശുപത്രിയുടെ നവീകരണം രണ്ട് ഭാഗങ്ങളായി നടന്നു വരുന്നു.**<br><br>**1. നിലവിലുള്ള ഒരു നില കെട്ടിടത്തിന് മുകളിൽ ഒരു നിലകൂടി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 95% പൂർത്തിയായിട്ടുണ്ട്. 2024 ജൂലൈ അവസാനത്തോടുകൂടി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**2. പുതിയ ബ്ലോക്കിന്റെ നിർമ്മാണം രണ്ട് ഭാഗമായി നടന്നു വരുന്നു. ഒന്നാം ഭാഗത്തിന്റെ അടിസ്ഥാനം, താഴത്തെ നില, ഒന്നാം നില എന്നിവയുടെ സ്ട്രക്ചർ പൂർത്തീകരിച്ചു. രണ്ടാം ഭാഗത്തിന്റെ അടിസ്ഥാനം പൂർത്തീകരിച്ചു. ആകെ 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്** |
| (ബി) | ബാലുശ്ശേരി താലൂക്കാശുപത്രിയുടെ നവീകരണ പ്രവൃത്തിയിൽ ചുമരുകളിൽ ടൈൽ പതിപ്പിക്കുന്നത് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്; വിശദമാക്കാമോ; | (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ വാപ്കോസ് ആണ് തയ്യാറാക്കിയിട്ടുള്ളത്. അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം ബാത്ത്റൂമുകളിൽ ചുവർ ടൈലുകൾ പതിപ്പിക്കുന്നതിനുള്ള അംഗീകാരമുണ്ട്. വരാന്തകളിലും വാർഡുകളിലും ചുമർ ടൈലുകൾ പതിപ്പിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിന് നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രി വരാന്തയിലെയും വാർഡുകളിലെയും ചുമരുകളിൽ ടൈൽ പതിപ്പിക്കുന്ന പ്രവൃത്തി നിലവിലെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകാമോ; വിശദമാക്കാമോ? | (സി) | മറുപടി (ബി) പിരിവായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ